**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2468** **24-06-2024 - ൽ മറുപടിയ്ക്ക്**

**ജീവാനന്ദം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാർക്ക് നൽകേണ്ട നിരവധി ആനുകൂല്യങ്ങൾ തടഞ്ഞു വച്ചതിനു പുറമെ അവരുടെ ശമ്പളവും കവർന്നെടുക്കുന്നതിനായി കൊണ്ടുവരുന്ന പുതിയ പദ്ധതിയാണ് ജീവാനന്ദം പദ്ധതി എന്ന ജീവനക്കാരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 'ജീവാനന്ദം' പദ്ധതി സംബന്ധിച്ച് ജീവനക്കാർക്കിടയിൽ ആശങ്ക ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഈ പദ്ധതി ജീവനക്കാർക്ക് നിർബന്ധിതമല്ല. താത്പര്യമുള്ള ജീവനക്കാർ മാത്രം പദ്ധതിയിൽ അംഗത്വം എടുത്താൽ മതിയാകും. പദ്ധതി സംബന്ധിച്ച് ഇൻഷ്വറൻസ് ഡയറക്ടർ സമർപ്പിക്കുന്ന രൂപരേഖ സർക്കാർ വിശദമായി പരിശോധിച്ച ശേഷം മാത്രമേ ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടുകൂടി പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർ സാമ്പത്തിക പ്രതിസന്ധിയിലാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പങ്കാളിത്ത പെൻഷൻ ഉൾപ്പെടെയുള്ള ഒരു പെൻഷൻ പദ്ധതിയുമായും ഈ പദ്ധതിക്ക് യാതൊരു ബന്ധവുമില്ല. ടി പദ്ധതി നിർബന്ധിതമല്ലാത്തതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരെ ഈ പദ്ധതി ഒരു തരത്തിലും പ്രതികൂലമായി ബാധിക്കുന്നില്ല. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി സർക്കാർ, വിഹിതം അടയ്ക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ജീവാനന്ദം പദ്ധതി, താല്പര്യമുള്ള ജീവനക്കാർക്ക് മാത്രം ചേരുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഒരു ഇൻഷ്വറൻസ് പദ്ധതിയാണ്. ആയതിനാൽ സർക്കാർ വിഹിതം ഒടുക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ